**പതിനാലാം കേരള നിയമസഭ**

**ഒമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2778** 06/02/2018-ലെ മറുപടി

**കേരള വാട്ടർ അതോറിറ്റിയുടെ ഒരു മാസത്തെ ചെലവ്**

| ചോദ്യം | | മറുപടി |
|---|---|---|
| | ശ്രീ. കെ.വി.അബ്ദുൾ ഖാദർ | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) | കേരള വാട്ടർ അതോറിറ്റിയുടെ ഒരു മാസത്തെ ചെലവ് ഇനം തിരിച്ച് വ്യക്തമാക്കാമോ; | (table below) |

| ഏകദേശ പ്രതിമാസ ചെലവ് | രൂപ (കോടി) |
|---|---|
| ശമ്പളവും കരാർ വേതനവും | 38.25 |
| പ്രതിമാസ പെൻഷൻ | 17.5 |
| കമ്മ്യൂട്ടേഷൻ, ഡി.സി.ആർ.ജിയും മറ്റ് പെൻഷൻ ആനുകൂല്യങ്ങളും | 8.17 |
| വൈദ്യുതി ചെലവ് | 23.7 |
| അറ്റകുറ്റപണികളുടെ ചെലവ് | 8 |
| മറ്റ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ | 6.75 |
| വായ്പാ തിരിച്ചടവും പലിശയും | 4 |
| മൊത്തം | 106.37 |

തേയ്മാന ചെലവും സർക്കാർ വായ്പയുടെ പലിശയിനത്തിലുള്ള ചെലവും മുകളിൽ പറഞ്ഞ ചെലവിൽ ഉൾപ്പെടുത്തിയിട്ടില്ല.

(ബി) കേരള വാട്ടർ അതോറിറ്റിയുടെ ആകെ റവന്യൂ വരുമാനം എത്രയാണ്; എത്ര തുകയാണ് റവന്യൂ ഇനത്തിൽ ഇപ്പോൾ പിരിഞ്ഞു കിട്ടാനുള്ളത്;

2017-18 സാമ്പത്തിക വർഷം കേരള വാട്ടർ അതോറിറ്റിയുടെ ബജറ്റ് അനുസരിച്ച് വെള്ളക്കര ഇനത്തിൽ 551.46 കോടി രൂപയാണ് റവന്യൂ വരുമാനമായി കണക്കാക്കിയിരിക്കുന്നത്. ഇതിൽ 31.01.2018 വരെ കുടിശ്ശിക ഉൾപ്പെടെ 476.04 കോടി രൂപ പിരിച്ചെടുത്തു.

(സി) 2016-17 വർഷത്തെ വാട്ടർ അതോറിറ്റിയുടെ റവന്യൂ ചിലവ്, റവന്യൂ വരുമാനം ,സർക്കാർ നൽകിയ ഗ്രാന്റ് എന്നിവ എത്രയൊക്കെയാണെന്ന് വ്യക്തമാക്കാമോ;

| റവന്യൂ വരുമാനം | രൂപ(കോടി) |
|---|---|
| വെള്ളക്കരം | 546.42 |
| പദ്ധതിയേതര വിഹിതം (സർക്കാർ ഗ്രാന്റ്) | 257.56 |
| മറ്റ് വരുമാനം | 23.97 |
| ആകെ വരുമാനം | 827.95 |

ആകെ ചിലവ് 1133.14 കോടി രൂപ

മേൽ പ്രതിപാദിച്ചിരിക്കുന്ന ആകെ ചിലവിനമായ 1133.14 കോടി രൂപയിൽ സാമ്പത്തിക ബുദ്ധിമുട്ടുകാരണം വൈദ്യുതി ബോർഡിന് വാർഷിക വൈദ്യുതി ചാർജ്ജിനത്തിൽ 250.94 കോടി രൂപ നൽകിയിട്ടില്ല. ഇതിനുപുറമെ കമ്മ്യൂട്ടേഷൻ, ഡി.സി.ആർ.ജി ഇനത്തിൽ ഈ കാലയളവിലെ പെൻഷൻകാർക്ക് 39 കോടി രൂപ നൽകുവാനുണ്ട്. തേയ്മാന ചെലവും സർക്കാർ വായ്പയുടെ പലിശയിനത്തിലുള്ള ചെലവും മുകളിൽ പറഞ്ഞ ചെലവിൽ ഉൾപ്പെടുത്തിയിട്ടില്ല.

| | |
|---|---|
| (ഡി) കേരള വാട്ടർ അതോറിറ്റിയിലെ സാമ്പത്തിക വിഭാഗത്തിലെ അക്കൗണ്ട്സ് മെമ്പർ തസ്തിക വർഷങ്ങളായി ഒഴിഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;ഈ ഒഴിവ് നികത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ? | (ഡി) ഉണ്ട്; IA&AS കേഡറിലുള്ള ഉദ്യോഗസ്ഥനെ ഡെപ്യൂട്ടേഷനിൽ ലഭിക്കുന്നതിനായി കംട്രോളർ & ആഡിറ്റർ ജനറലിന് കത്ത് നൽകിയിട്ടുണ്ട്. |

Renuka Sankar
സെക്ഷൻ ഓഫീസർ